പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7968 — 16.07.2014 ലെ മറുപടിയ്ക്ക്

നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു :<br>ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. മാത്യൂ റ്റി. തോമസ് : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ കോടതി സ്റ്റേയും മറ്റ് നടപടികളും കാരണം കുടിശ്ശിക പിരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. വിദേശ മദ്യ വില്പനയിലുണ്ടായ കുറവ്, വാഹനങ്ങളുടെ വിൽപനയിലുണ്ടായ കുറവ്, കെട്ടിട നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം, വർക്ക് കോൺട്രാക്ട് വഴിയുള്ള വരുമാനത്തിലുണ്ടായ കുറവ്, ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാതിരുന്നതിന്റെ പ്രധാന കാരണങ്ങളാണ്. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ 2% കുറവു വരുത്തിയതും അരിയെ പൂർണ്ണമായി നികുതിയിൽ നിന്ന് ഒഴിവാക്കിയതും പയർ വർഗ്ഗങ്ങൾ, മൈദ, ആട്ട, എഡിബിൾ ഓയിൽ എന്നിവയുടെ നികുതി 1% കുറച്ചതും റബ്ബർ മേഖലയിൽനിന്നുള്ള നികുതി വരുമാനത്തിലുണ്ടായ കുറവും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാൻ കഴിയാത്തതിനു കാരണങ്ങളാണ്. 30-06-2014 വരെയുള്ള കണക്കനുസരിച്ച് വാണിജ്യ നികുതി |

ഇനത്തിൽ മുൻവർഷം ഇതേ സമയം ലഭിച്ചതിനേക്കാൾ 684.54 കോടി രൂപ കൂടുതൽ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റേ ഉത്തരവുകൾ എത്ര കോടിയുടെ നികുതി പിരിവിന് തടസ്സമായി നിൽക്കുന്നു;

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റേ ഉത്തരവുകൾ മൂലം വാണിജ്യ നികുതി വകുപ്പിൽ 31-03-2014 വരെ 230.19 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(സി) & (ഡി) ഉദ്ദേശിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും താഴെപറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ചെക്ക്പോസ്റ്റ് പരിശോധന കർശനമാക്കും. ഇത്, രേഖ പരിശോധനയിൽ ചുരുങ്ങാതെ സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തും. ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർചെക്കിങ്ങും ഊർജ്ജിതപ്പെടുത്തും. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങൾ, റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹനം, പാർസൽ, കുറിയർ ഏജൻസികൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കും. നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസ്സുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനുമുള്ള നടപടികൾ ഊർജ്ജിതമാക്കും. നികുതി കുടിശ്ശികയുള്ള നിലവിലുള്ള വ്യാപാരികളെ കണ്ടെത്തുകയും അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക്പോസ്റ്റിൽ തടഞ്ഞുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. റവന്യൂ റിക്കവറി കേസ്സുകളിൽ തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിന് ജില്ലാകളക്ടർമാർക്ക് ഇതിനകം നിർദ്ദേശം

നല്കിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള **Unconditional Stay** ഉത്തരവുകൾ വെക്കേറ്റ് ചെയ്യു സാഹചര്യത്തിൽ അതിൽ ഉൾപ്പെട്ട തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺ ലൈൻ സേവനങ്ങൾ നിർത്തിവയ്ക്കും. പുതുതായി രൂപീകരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കും. വിവിധ കേന്ദ്ര വകുപ്പുകളിൽനിന്നും യഥാസമയം ഡേറ്റാ ഷെയറിംഗ് ഓൺലൈനായി ലഭ്യമാക്കുന്ന തിനും ആയതിന്റെ അടിസ്ഥാനത്തിൽ റിട്ടേ ണിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തുന്നതിനു മുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

രജിസ്ട്രേഷൻ വകുപ്പിൽ **Under valuation** കേസുകളിൽ കുടിശ്ശികയുണ്ടായി രുന്ന തുക പിരിച്ചെടുക്കുവാനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടു ത്തിവരുന്നു.

വാഹന നികുതി വകുപ്പിൽ എൻഫോഴ്സ് മെന്റ് കൂടുതൽ ശക്തിപ്പെടുത്താനായി പുതിയതായി 17 സ്ക്വാഡുകൾ ആരംഭിച്ചു. കൂടാതെ ഇ- പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കി യിട്ടുണ്ട്.

അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്ന തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി യായ "ആംനെസ്റ്റി സ്കീം" നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.